**പതിനഞ്ചാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

**നാലാമത് റിപ്പോർട്ട്**

(2024 ജൂലൈ 11-ാം തീയതി സമർപ്പിച്ചത്)

**(2021 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

## നാലാമത് റിപ്പോർട്ട്

(2024 ജൂലൈ 11-ാം തീയതി സമർപ്പിച്ചത്)

(2021 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ പരിഗണിച്ച

ഹർജികൾ സംബന്ധിച്ച്)

1317/2024.

## ഉള്ളടക്കം


| | | | | |
|---|---|---|---|---|
| | | | | *പേജ്* |
| സമിതിയുടെ ഘടന | | | .. | v |
| ആമുഖം | | | .. | vii |
| റിപ്പോർട്ട് | | | .. | 1 |
| അനുബന്ധം : | I. | സർക്കാരിൽ നിന്നും ലഭിച്ച അനുകൂല മറുപടിയുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ് | .. | 6 |
| | II. | സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ് | .. | 18 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

**ഘടന**

<u>അദ്ധ്യക്ഷ:</u>

*ശ്രീമതി ശാന്തകുമാരി കെ.

<u>അംഗങ്ങൾ:</u>

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എ. രാജ

ശ്രീ. വി. ശശി

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ.ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

---

*സമിതി അദ്ധ്യക്ഷനായിരുന്ന ശ്രീ. ഒ. ആർ. കേളു സംസ്ഥാന മന്ത്രിസഭയിൽ അംഗമായതിനെത്തുടർന്ന് സംജാതമായ ഒഴിവിൽ.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2021 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള സമിതിയുടെ പ്രവർത്തനങ്ങളെയും ഈ കാലയളവിൽ പരിഗണിച്ച റിപ്പോർട്ടുകളെയും അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്. ഹർജികളുടെ പരിഗണനാ വേളയിൽ ആവശ്യം വേണ്ട സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. കൂടാതെ ഹർജിയുടെ നിജസ്ഥിതി വിലയിരുത്തുന്നതിനും കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനുമായി അനുബന്ധ സ്ഥലങ്ങൾ സന്ദർശിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ സമിതി ആകെ 43 യോഗങ്ങൾ ചേരുകയുണ്ടായി.

2024 ജൂലൈ മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ജൂലൈ 11.

**ശാന്തകുമാരി കെ.**
*അദ്ധ്യക്ഷ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം*
*സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭരണഘടനാപരമായ പരിരക്ഷ ഉറപ്പാക്കുന്നതിനും, അവർക്കായി വിഭാവനം ചെയ്തിട്ടുള്ള വിവിധ ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നതിനും, അവരുടെ സർവ്വതോന്മുഖമായ പുരോഗതിയും നടത്തിപ്പും അവലോകനം ചെയ്യുന്നതിനും, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള വിവിധ സർവ്വീസുകളിലും ഇതര തസ്തികകളിലും അവർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാനും ഇതിനായി ഗവൺമെന്റ്തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ പരിശോധിക്കുന്നതിനും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും, പുരോഗതി കൈവരിക്കാനുമുള്ള ഗവൺമെന്റ് നയത്തിന്റെ ലക്ഷ്യപ്രാപ്തിയ്ക്ക് വേണ്ടിയുള്ള മാർഗ്ഗങ്ങളും ഉപാധികളും നിർദ്ദേശിക്കുന്നതിനും മറ്റുമായാണ് 1972 നവംബർ 1-ന് കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി രൂപീകൃതമായത്.

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി ജനസംഖ്യ സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 9.1 ശതമാനവും, പട്ടികവർഗ്ഗ ജനസംഖ്യ 1.45 ശതമാനവുമാണ്. വളരെ പ്രത്യേകതകളുള്ള ആവാസ രീതികളും, പരമ്പരാഗതമായ ആചാരങ്ങളും, പാരമ്പര്യ സവിശേഷതകളും വച്ചുപുലർത്തിവരുന്ന പട്ടികവർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും, അവരുടെ അനുഷ്ഠാനങ്ങളിലും ആചാരക്രമങ്ങളിലും മാറ്റമുണ്ടാകാത്ത വിധത്തിലും ജീവനോപാധികൾക്കായുള്ള പാരമ്പര്യ വിഭവങ്ങൾക്ക് കോട്ടം തട്ടാത്ത വിധത്തിലും സംരക്ഷിക്കുക വഴി ശ്രേഷ്ഠമായ ഒരു ജീവിതം നയിക്കുന്നതിനും സർവ്വോപരി സാമൂഹ്യവും സാമ്പത്തികവുമായ നീതിയും, പരിരക്ഷയും ഉറപ്പാക്കുന്നതിനും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണം അനിവാര്യമാണ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 180 അനുസരിച്ച് 2021 ജൂൺ 15-ാം തീയതിയിലെ 42-ാം ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം (2021-23)ലെ സമിതി രൂപീകൃതമായി.

റിപ്പോർട്ട് കാലയളവിൽ സമിതി നിയമസഭാ സമുച്ചയത്തിൽ 38 യോഗങ്ങളും വയനാട്, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിൽ 5 യോഗങ്ങളും ഉൾപ്പെടെ 43 യോഗങ്ങൾ ചേരുകയുണ്ടായി. കൂടാതെ സമിതി 16-9-2022 മുതൽ 23-9-2022 വരെ ഗോവ, ഭുവനേശ്വർ, ശ്രീനഗർ, ന്യൂഡൽഹി എന്നീ സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി. റിപ്പോർട്ട് കാലയളവിൽ സമിതി പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖല, തിരുവനന്തപുരം ജില്ലയിലെ ഞാറനീലി ഡോ. അംബേദ്ക്കർ വിദ്യാനികേതൻ സി.ബി.എസ്.ഇ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പാലക്കാട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. സമിതിയ്ക്ക് ലഭിച്ച വിവിധ

ഹർജികളിന്മേൽ ഗവ. റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തിയതിനാൽ ഇതു സംബന്ധിച്ച വിശദീകരണം തേടുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. റിപ്പോർട്ട് കാലയളവിൽ 2 ജനറൽ റിപ്പോർട്ടും 4 സ്പെഷ്യൽ റിപ്പോർട്ടും ഉൾപ്പെടെ 6 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1973 നവംബർ 13-ാം തീയതിയിലെ 6-ാം നമ്പർ നിർദ്ദേശപ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനുള്ള അധികാരം കൂടി നൽകി കമ്മിറ്റിയുടെ അധികാര മേഖല വിപുലപ്പെടുത്തുകയുണ്ടായി സമിതിയുടെ പരിഗണനയിലിരിക്കുന്ന ഹർജികളിൽ ഭൂരിഭാഗവും പട്ടികജാതി പട്ടികവർഗ്ഗ വികസനം, വനം-വന്യജീവി, റവന്യൂ, ആഭ്യന്തരം, തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം, ആരോഗ്യകുടുംബക്ഷേമം, ഊർജ്ജം, ജലവിഭവം, സഹകരണം തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ടതാണ് .

പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു തുടങ്ങിയശേഷവും സമിതി ആവർത്തിച്ച് ആവശ്യപ്പെടുമ്പോഴും റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വകുപ്പുകൾ കാലതാമസം വരുത്തുന്നത് പരാതിക്കാരന് പലപ്പോഴും നീതി അന്യമാകുന്ന സാഹചര്യമുണ്ടാക്കുന്നതായി സമിതി ചൂണ്ടിക്കാട്ടുന്നു.

സമിതിക്ക് ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടവയിൽ 15 ദിവസത്തിനകവും മറ്റുള്ള പരാതികളിന്മേൽ ഒരു മാസത്തിനകവും റിപ്പോർട്ട് ലഭ്യമാക്കണമെന്നാണ് നിലവിൽ ആവശ്യപ്പെട്ടുവരുന്നത് . എന്നാൽ വർഷങ്ങൾക്ക് ശേഷവും ഹർജി കൈപ്പറ്റിയ വിവരം പോലും ചില വകുപ്പുകൾ അറിയിക്കാത്തതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു.

ആവശ്യപ്പെടുന്ന സമയത്ത് സമിതി മുൻപാകെ ഉദ്യോഗസ്ഥർ ഹാജരാകാതിരിക്കുന്നതും, പകരം കീഴുദ്യോഗസ്ഥരെ നിയോഗിച്ച് ഈ ചുമതലയിൽ നിന്നും ഒഴിഞ്ഞു മാറുന്ന പ്രവണതയും, ഹാജരാകുന്ന ഉദ്യോഗസ്ഥർ കാര്യങ്ങൾ നന്നായി പഠിച്ച് വരാത്തതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ആയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംരക്ഷിക്കുക, ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, ഭവനനിർമ്മാണത്തിനുള്ള വായ്പകൾ, ഭവനത്തിന്റെ അറ്റകുറ്റപണികൾക്കുള്ള ധനസഹായം, നഗറുകളുടെ അടിസ്ഥാന

സൗകര്യങ്ങളായ റോഡ് വികസനം, കലുങ്കുനിർമ്മാണം, കുടിവെള്ള വിതരണം, ശ്മശാനങ്ങളുടെ നിർമ്മാണം, വസ്തുവിന് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ, ചികിത്സാ ധനസഹായം ലഭ്യമാക്കൽ, ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കൽ, ജീവനും സ്വത്തിനുമുള്ള സംരക്ഷണം ഉറപ്പാക്കൽ, ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ, ആശ്രിതനിയമനങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള തൊഴിൽ ലഭ്യമാക്കൽ, തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ, വംശീയ വേർതിരിവ് മനുഷ്യാവകാശലംഘനം, മാനദണ്ഡം മറികടന്നുള്ള ഭൂമി വിതരണം, ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകൽ, വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കങ്ങൾ, നഗറുകളുടെ വികസന പ്രവർത്തനങ്ങൾ, പ്രീ മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ്, കാർഷിക സബ്സിഡി, സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ കുടിശ്ശിക എന്നിവ സംബന്ധിച്ച വിഷയങ്ങൾ സമിതിക്ക് ലഭിക്കുന്ന പരാതികളിൽ ഉൾപ്പെടുന്നു. കൂടാതെ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിച്ചു വരുന്നവരുടെ സേവന സംബന്ധമായ പ്രശ്നങ്ങൾ, പ്രൊമോഷൻ കിട്ടുന്നതിലെ കാലതാമസം, സംവരണാടിസ്ഥാനത്തിൽ ലഭിക്കേണ്ട അർഹമായ സ്ഥാനകയറ്റങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ എന്നിവയും പരാതികളിൽ ഉൾപ്പെടുന്നു.

2021 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിൽ തീർപ്പായ ഹർജികൾ സംബന്ധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് ഈ റിപ്പോർട്ട് , ഹർജിക്കാർക്ക് അനുകൂലമായി ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ് അനുബന്ധം I-ലും സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ് അനുബന്ധം II-ലും ചേർത്തിരിക്കുന്നു.

പ്രസ്തുത കാലയളവിൽ സമിതിയുടെ ഇടപെടൽ മൂലം അനുകൂല നടപടി ഉണ്ടായ ചില പ്രധാന ഹർജികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) റോഡ് ടാർ ചെയ്യുന്നത് സംബന്ധിച്ച് ശ്രീമതി കാളി, വയനാട് സമർപ്പിച്ച ഹർജി.

(ഫയൽ നം.19093/എസ് .സി.എസ് . ടി.എ 1/2018/നി.സെ.)

പണിയ വിഭാഗത്തെക്കുറിച്ച് പഠിക്കാൻ രൂപീകരിച്ച ഉപസമിതിയുടെ 17-5-2018-ലെ വയനാട് സന്ദർശനത്തിൽ ലഭിച്ച പരാതിയിൽ, എടയ്ക്കുർകുന്ന് 14-ാം വാർഡിൽ കുളിർമാവ് പ്രദേശവാസികൾ റോഡ് ടാർ ചെയ്യുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ചുവെന്ന് അറിയാൻ കഴിഞ്ഞുവെങ്കിലും റോഡ് പണി ഇതുവരെ നടന്നിട്ടില്ലെന്നും പ്രദേശവാസികൾ യാത്ര ചെയ്യാൻ ബുദ്ധിമുട്ടനുഭവിക്കുന്നുവെന്നും അതിനാൽ റോഡ് പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്നുമായിരുന്നു ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത് .

പ്രസ്തുത പരാതി റിപ്പോർട്ടിനായി 1-6-2018-ന് തദ്ദേശസ്വയംഭരണ വകുപ്പിനയച്ചിരുന്നു. ആയതിന് വകുപ്പ് 28-9-2018-ലെ 317/ഡി.എ 3/2018/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽപ്പെട്ട കുളിർമാവ് നഗർ റോഡ് ടാർ ചെയ്യുന്നതിന് എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ വകയിരുത്തുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിരുന്നു.

തുടർന്ന് 15-5-2019-ൽ ചേർന്ന സമിതി യോഗം റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയുണ്ടായി.

2) ശ്രീമതി ലതയെ സംബന്ധിച്ച പത്രവാർത്തയെ അടിസ്ഥാനമാക്കി സമിതി സ്വമേധയാ സ്വീകരിച്ച പരാതി.

(ഫയൽ നമ്പർ. 20579/എസ് .സി.എസ് .ടി.എ 3/2017/നി.സെ.)

2017 ജൂൺ 30-ലെ മലയാള മനോരമ ദിനപത്രത്തിൽ വന്ന, തിരുവനന്തപുരത്ത് കഠിനംകുളം പുതുവൽകോളനിയിൽ കൂലിപ്പണിയെടുത്ത് ഉപജീവനം കഴിക്കുന്ന ശ്രീമതി ലത പുതുവൽ കോളനിയിൽ രണ്ട് സെന്റ് സ്ഥലം വാങ്ങിയെങ്കിലും വീടു നിർമ്മിക്കാനുള്ള നിവർത്തിയില്ലെന്നും ഭവന നിർമ്മാണത്തിനുള്ള ധനസഹായം അഭ്യർത്ഥിച്ച് കഠിനംകുളം ഗ്രാമപഞ്ചായത്തിലും പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലും അപേക്ഷ നൽകിയെങ്കിലും ഫലമുണ്ടായില്ലെന്നും ഇപ്പോഴും ഓല കൊണ്ട് മറച്ച ഒരു കുടിൽ മാത്രമാണ് ഉള്ളതെന്നും പ്രായപൂർത്തിയായ ഒരു മകളും പ്ലസ്ടു കഴിഞ്ഞ ഒരു മകനും മാത്രമുള്ള ശ്രീമതി ലതയുടെ ജീവിതം അതീവ ദുരിതത്തിലുമാണ് എന്ന പത്രവാർത്ത, 5-7-2017-ൽ ചേർന്ന യോഗത്തിൽ സമിതി സ്വമേധയാ പരാതിയായി സ്വീകരിക്കുകയും ബന്ധപ്പെട്ട വകുപ്പിൽ നിന്നും ടി കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത പത്രവാർത്തയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് 19-7-2017-ന് പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു. ആയതിന്മേൽ തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ് 11-8-2021-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ താമസക്കാരിയായ ശ്രീമതി ലത, പുതുവൽ വീട് എന്നയാൾക്ക് ഗ്രാമപഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതായി അറിയിക്കുകയുണ്ടായി.

പത്രവാർത്തയെ അടിസ്ഥാനപ്പെടുത്തി സമിതി സ്വമേധയാ സ്വീകരിച്ച പ്രസ്തുത പരാതിയിന്മേൽ, താരതമ്യേന ചുരുങ്ങിയ കാലം കൊണ്ട് ഒരു നിർധന കുടുംബത്തിന് ഭവന നിർമ്മാണം സാധ്യമാക്കിയതിൽ സമിതിക്ക് ചാരിതാർത്ഥ്യമുണ്ട് .

സമിതിക്ക് ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിൽ വകുപ്പുകളുടെ ഭാഗത്തു നിന്നും അകാരണമായ കാലതാമസം ഉണ്ടാകുന്നതായി സമിതി നിരീക്ഷിച്ചു. പരാതി പരിഹരിക്കുന്നതിനുള്ള സമയം അധികരിക്കുമ്പോൾ, പരാതികൾ കാലഹരണപ്പെട്ടുപോകുകയും, പരാതിയുടെ കാലിക പ്രസക്തി നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നു. വൈകിയെത്തുന്ന അന്വേഷണ റിപ്പോർട്ടുകൾ സമിതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാറുണ്ടെന്ന് സമിതി വിലയിരുത്തുന്നു. വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം വഴി പല പരാതികൾക്കും വേഗത്തിൽ തീർപ്പ് കൽപ്പിക്കാനാകുമെന്ന് സമിതി കരുതുന്നു.

ഓരോ പരാതിയും സമിതിയിൽ സമർപ്പിക്കപ്പെടുമ്പോൾ പരാതി പരിഹരിക്കപ്പെടുമെന്ന ശുഭാപ്തി വിശ്വാസവും നീതി ലഭിക്കുന്നുവെന്ന ബോധ്യവും ഓരോ പരാതിക്കാരനുമുണ്ടാകും. എന്നാൽ വൈകിയെത്തുന്ന നീതി, നീതി നിഷേധമാണ് എന്നിരിക്കെ, സമിതിയിൽ സമർപ്പിക്കുന്ന ഓരോ പരാതിയും സമയബന്ധിതമായി തീർപ്പുകൽപ്പിക്കാത്തതുകൊണ്ടുള്ള വൈഷമ്യം ചെറുതല്ല എന്നുകാണുന്നു. ആകയാൽ ഇത്തരം സാഹചര്യങ്ങളെ പ്രോത്സാഹിപ്പിക്കാതെ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം സാർത്ഥകമാക്കുന്ന രീതിയിൽ എല്ലാ വകുപ്പുകളുടെയും സഹകരണം ഉണ്ടാകുമെന്നും, അതു വഴി സമിതിയുടെ പ്രവർത്തനപാതയിൽ പുതിയ ഉദ്യമങ്ങൾക്ക് നാന്ദികുറിക്കാൻ കഴിയുമെന്നും സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം,
2024 ജൂലൈ 10.

ശാന്തകുമാരി കെ.
*അദ്ധ്യക്ഷ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം*
*സംബന്ധിച്ച സമിതി.*

അനുബന്ധം - I

**സർക്കാരിൽ നിന്നും ലഭിച്ച അനുകൂല മറുപടിയുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

1. വീട് മെയിന്റനൻസിനും ചികിത്സയ്ക്കും ധനസഹായം ആവശ്യപ്പെട്ട് ശ്രീമതി പ്രഭാവതി ബാബു സമർപ്പിച്ച ഹർജി.

   (ഫയൽ നം.20699/എസ്.സി.എസ്.ടി.എ 1/2015/നി.സെ.)

2. വിവിധ ആവശ്യങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഡി. എസ്. രാജ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം.21127/എസ്.സി.എസ്.ടി.എ 2/2012/നി.സെ.)

3. തെങ്ങ്കയറ്റ തൊഴിലാളികൾക്കുള്ള ധനസഹായവും അവരുടെ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റും വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരള തണ്ടാൻ മഹാസഭ ശാഖ സെക്രട്ടറി സമർപ്പിച്ച ഹർജി.

   (ഫയൽ നം.18917/എസ്.സി.എസ്.ടി.എ 2/2013/നി.സെ.)

4. വീടുപണി പൂർത്തീകരിക്കാൻ ധനസഹായം ആവശ്യപ്പെട്ട് ശ്രീ. സുബ്രഹ്മണ്യൻ, വയനാട് സമർപ്പിച്ച ഹർജി.

   (ഫയൽ നം.22747/എസ്.സി.എസ്.ടി.എ 2/2016/നി.സെ.)

5. മകന്റെ ചികിത്സാധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി മഞ്ജു, കൊല്ലം സമർപ്പിച്ച ഹർജി

   (ഫയൽ നം.18017/എസ്.സി.എസ്.ടി.എ 2/2017/നി.സെ.)

6. സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കമല രവീന്ദ്രൻ, പത്തനംതിട്ട സമർപ്പിച്ച ഹർജി.

   (ഫയൽ നം.18647/എസ്.സി.എസ്.ടി.എ 3/2013/നി.സെ.)

7. എം.ആർ.എസ്.ന്റെ പഴയ കെട്ടിടം എസ്.ടി. വനിതാ ഹോസ്റ്റലിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഷാജി എ.ആർ. സമർപ്പിച്ച ഹർജി.

   (ഫയൽ നം.20995/എസ്.സി.എസ്.ടി.എ 3/2013/നി.സെ.)

8. എതിർകക്ഷികൾ കൈവശപ്പെടുത്തിയിരിക്കുന്ന വസ്തുവകകൾ തിരികെ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി ലളിതാംബിക ചിറയിൻകീഴ് സമർപ്പിച്ച ഹർജി.

(ഫയൽ നം. 13477/എസ്.സി.എസ്.ടി.-എ 3/2015/നി.സെ.)

9. ക്യാൻസർ ചികിത്സയ്ക്ക് ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശങ്കരൻ, തിരുനെല്ലി സമർപ്പിച്ച ഹർജി.

(ഫയൽ നം. 19077/എസ്.സി.എസ്.ടി.-എ 3/2018/നി.സെ.)

10. പട്ടയവും മറ്റ് അടിസ്ഥാന സൗകര്യവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അമർനാഥ് സമർപ്പിച്ച പരാതി.

(ഫയൽ നം.18036/എസ്.സി.എസ്.ടി. ബി 1/2008/നി.സെ.)

11. ഭവനനിർമ്മാണ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാജീവ് സമർപ്പിച്ച ഹർജി.

(ഫയൽ നം. 15234/എസ്.സി.എസ്.ടി. ബി 1/2017/നി.സെ.)

12. വീട് വയ്ക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ട് ശ്രീ. രാജപ്പൻ, മണിമല, ഡോ. എൻ. ജയരാജ് എം.എൽ.എ. മുഖാന്തരം സമർപ്പിച്ച ഹർജി.

(ഫയൽ നം.15118/എസ്.സി.എസ്.ടി. ബി 1/2019/നി.സെ.)

13. 2004 ജനുവരി 12, 13 തീയതികളിലെ കോഴിക്കോട് സന്ദർശനം തുടർ നടപടി സംബന്ധിച്ച്.

(ഫയൽ നം. 13546/എസ്.സി.എസ്.ടി-ബി 2/2004/നി.സെ.)

14. വീട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശ്യാമള, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നം.18954/എസ്.സി.എസ്.ടി. ബി 2/2013/നി.സെ.)

15. ഭൂരഹിത ഭവനരഹിത ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുജാത കെ., കൊല്ലം സമർപ്പിച്ച ഹർജി.

(ഫ.നം. 22954/എസ്.സി.എസ്.ടി. ബി 2/2015/നി.സെ.)

16. മാട്ടൂർ അരിയിൽ ചാരിൽ അംബേദ്കർ സാംസ്കാരിക നിലയം പുനർ നിർമിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഇ. വി. വിജയൻ, കണ്ണൂർ സമർപ്പിച്ച ഹർജി.

(ഫയൽ നം. 16482/എസ്.സി.എസ്.ടി. ബി 2/2017/നി.സെ.)

17. അടിയന്തര ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഗോപാലൻ, ചടയമംഗലം സമർപ്പിച്ച ഹർജി.

(ഫയൽ നം. 20016/എസ്.സി.എസ്.ടി. ബി 2/2018/നി.സെ.)

18. പത്ത് വർഷം മുമ്പ് സർക്കാർ സഹായത്താൽ നിർമ്മിച്ച വീട് വാർക്കുന്നതിനും, കിണർ, ശുചിമുറി എന്നിവ നിർമ്മിക്കുന്നതിന് സഹായം അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. അശോകൻ എം. മടത്തറ സമർപ്പിച്ച ഹർജി.

(ഫയൽ നം. 16168/എസ്.സി.എസ്.ടി. ബി 2/2019/നി.സെ.)

19. ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണ- മെന്നാവശ്യപ്പെട്ട് ശ്രീമതി സരസ്വതി, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നം. 18732/എസ്.സി.എസ്.ടി. ബി 2/2019/നി.സെ.)

20. വയനാട് ജില്ലയിലെ ആദിവാസികൾക്ക് പ്രത്യേക പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നതു പോലെ തനിക്കും അനുവദിക്കണ മെന്നാവശ്യപ്പെട്ട് ശ്രീമതി ശാന്ത തോമസ്, വയനാട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21855/എസ്.സി.എസ്.ടി. ബി 2/2020/നി.സെ.)

21. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ പാതിരമന്ദം കോളനി നിവാസികളുടെ പരാതി.

(ഫയൽ നമ്പർ 12872/എസ്.സി.എസ്.ടി. ബി 3/2004/നി.സെ.)

22. പ്രോജക്ട് അലവൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. റ്റി. പത്മനാഭൻ മാസ്റ്റർ സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 18338/എസ്.സി.എസ്.ടി. ബി 3/2008/നി.സെ.)

23. വീട്പണി പൂർത്തിയാക്കുവാൻ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി. കെ. ശിവൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15056/എസ്.സി.എസ്.ടി. ബി 3/2012/നി.സെ.)

24. വീട് പുതുക്കിപ്പണിയുന്നതിന് ധസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി അമ്പിളി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18652/എസ്.സി.എസ്.ടി. ബി 3/2013/നി.സെ.)

25. വീട് നിർമ്മാണത്തിനുള്ള ബാക്കി തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കുറ്റ്യാടൻ ലക്ഷ്മി, മലപ്പുറം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11228/എസ്.സി.എസ്.ടി. ബി 3/2014/നി.സെ.)

26. വായ്പ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീമതി പുഷ്പ സി. സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 24400/എസ്.സി.എസ്.ടി. ബി 3/2015/നി.സെ.)

27. മിച്ചഭൂമിയായി 5 സെന്റും വീടും ആവശ്യപ്പെട്ട് ശ്രീ. ശശി, ഇട്ടിവ, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 17180/എസ്.സി.എസ്.ടി. ബി 3/2016/നി.സെ.)

28. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം ആവശ്യപ്പെട്ട് ശ്രീമതി ബിജി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 25308/എസ്.സി.എസ്.ടി. ബി 3/2018/നി.സെ.)

29. വിവാഹധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജി. രവീന്ദ്രൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14194/എസ്.സി.എസ്.ടി. ബി 3/2019/നി.സെ.)

**തദ്ദേശസ്വയംഭരണ വകുപ്പ്**

1. പട്ടികവർഗ്ഗക്കാർക്ക് നിയമപ്രകാരം കിട്ടാനുള്ള കടമുറികൾ അലോട്ട് ചെയ്തു കിട്ടുന്നതിനുവേണ്ടി ശ്രീ. ആർ. സജി സമർപ്പിച്ച ഹർജി.

(ഫയൽ നം.13997/എസ്.സി.എസ്.ടി.എ 1/2012/നി.സെ.)

2. ഭൂമി പതിച്ച് നൽകുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. ദാമോദരൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.12937/എസ്.സി.എസ്.ടി.എ 2/2003/നി.സെ.)

3. വിവിധ ആവശ്യങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഡി. എസ്. രാജ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നം.21127/എസ്.സി.എസ്.ടി.എ 2/2012/നി.സെ.)

4. സഞ്ചാരസ്വാതന്ത്ര്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി വത്സല കെ. സമർപ്പിച്ച ഹർജി

(ഫയൽ നം.15227/എസ്.സി.എസ്.ടി.എ 2/2017/നി.സെ.)

5. വീട് പണി പൂർത്തിയാക്കുവാൻ നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. കെ. മണി, കല്ലുവയൽ സമർപ്പിച്ച ഹർജി.

(ഫയൽ നം. 15053/എസ്.സി.എസ്.ടി.-എ 3/2012/നി.സെ.)

6. കുടിവെള്ളത്തിന് കിണർ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കുങ്കി, വയനാട് സമർപ്പിച്ച ഹർജി.

(ഫയൽ നം. 19061/എസ്.സി.എസ്.ടി.-എ 3/2018/നി.സെ.)

7. ഭവനനിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ച് തരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഗീത ബി. തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നം. 15051/എസ്.സി.എസ്.ടി-എ 3/2020/നി.സെ.)

8. പട്ടയവും മറ്റ് അടിസ്ഥാന സൗകര്യവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അമർനാഥ് സമർപ്പിച്ച ഹർജി.

(ഫയൽ നം.18036/എസ്.സി.എസ്.ടി. ബി 1/2008/നി.സെ.)

9. ഭവനനിർമ്മാണ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാജീവ് സമർപ്പിച്ച ഹർജി.

(ഫയൽ നം. 15234/എസ്.സി.എസ്.ടി. ബി 1/2017/നി.സെ.)

10. സ്വന്തം വസ്തുവിന് ചുറ്റും അതിർത്തി കെട്ടുന്നതിന് ധനസഹായം ആവശ്യപ്പെട്ട് ശ്രീമതി കവിത സമർപ്പിച്ച ഹർജി.

(ഫയൽ നം.23202/എസ്.സി.എസ്.ടി. ബി 1/2018/നി.സെ.)

11. ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായമായ തുകയുടെ മുഴുവൻ ഗഡുക്കളും ലഭിച്ചില്ലെന്ന് പരാതിപ്പെട്ട് ശ്രീമതി ശാന്ത, കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16626/എസ്.സി.എസ്.ടി. ബി 2/2010/നി.സെ.)

12. വീട് അനുവദിച്ച് കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി നാരായണി എസ്., കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20500/എസ്.സി.എസ്.ടി. ബി 2/2012/നി.സെ.)

13. വീട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശ്യാമള, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നം.18954/എസ്.സി.എസ്.ടി. ബി 2/2013/നി.സെ.)

14. ആശ്രിതനിയമനം ലഭിക്കുന്നതിന് വേണ്ടി ശ്രീമതി പി. എസ്. സബിത, കണ്ണൂർ സമർപ്പിച്ച ഹർജി.

(ഫയൽ നം. 20124/എസ്.സി.എസ്.ടി. ബി 2/2013/നി.സെ.)

15. പത്ത് വർഷം മുമ്പ് സർക്കാർ സഹായത്താൽ നിർമ്മിച്ച വീട് വാർക്കുന്നതിനും, കിണർ, ശുചിമുറി എന്നിവ നിർമ്മിക്കുന്നതിന് സഹായം അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. അശോകൻ എം. മടത്തറ സമർപ്പിച്ച ഹർജി.

(ഫയൽ നം. 16168/എസ്.സി.എസ്.ടി. ബി 2/2019/നി.സെ.)

16. വയനാട് ജില്ലയിലെ ആദിവാസികൾക്ക് പ്രത്യേക പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നതു പോലെ തനിക്കും അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശാന്ത തോമസ്, വയനാട് സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 21855/എസ്.സി.എസ്.ടി. ബി 2/2020/നി.സെ.)

17. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ പാതിരമന്ദം കോളനി നിവാസികളുടെ പരാതി.

(ഫയൽ നമ്പർ 12872/എസ്.സി.എസ്.ടി. ബി 3/2004/നി.സെ.)

18. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ പണിപൂർത്തീകരിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 7714/എസ്.സി.എസ്.ടി. ബി 3/2005/നി.സെ.)

19. ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എറണാകുളം ജില്ലാ ഓംബുഡ്സ്മാൻ മാനസികമായി പീഡിപ്പിക്കുന്നതിനെതിരെ ശ്രീമതി എൻ. വിനോദിനി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21360/എസ്.സി.എസ്.ടി. ബി 3/2012/നി.സെ.)

20. വിധവാപെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സാവിത്രി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18646/എസ്.സി.എസ്.ടി. ബി 3/2013/നി.സെ.)

21. വീട് പുതുക്കിപ്പണിയുന്നതിന് ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി അമ്പിളി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18652/എസ്.സി.എസ്.ടി. ബി 3/2013/ലെജി.)

22. പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമപദ്ധതി ആനുകൂല്യം യഥാസമയം ലഭ്യമാക്കണമെന്നും കൃത്യവിലോപം വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. സി. ശിവൻ, എറണാകുളം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14110/എസ്.സി.എസ്.ടി. ബി 3/2018/നി.സെ.)

23. വീടുവയ്ക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ട് ശ്രീമതി സുനിതാരാമൻ, വയനാട് സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 19058/എസ്.സി.എസ്.ടി. ബി 3/2018/നി.സെ.)

**റവന്യൂ വകുപ്പ്**

1 താമസയോഗ്യമല്ലാത്ത ഭൂമി മാറ്റി നൽകുന്നത് സംബന്ധിച്ച് ശ്രീമതി തങ്കമ്മ ശങ്കരൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.20149/എസ്.സി.എസ്.ടി.എ 1/2017/നി.സെ.)

2 റവന്യൂ പുറംപോക്ക് ഭൂമി മിൽമ ബൂത്ത് സ്ഥാപിക്കുന്നതിന് പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിനായി ശ്രീ. സുരേന്ദ്രൻ വി. സമർപ്പിച്ച ഹർജി.

(ഫയൽ നം.14077/എസ്.സി.എസ്.ടി.എ 1/2018/നി.സെ.)

3. ഭൂമി പതിച്ച് നൽകുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. ദാമോദരൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.12937/എസ്.സി.എസ്.ടി.എ 2/2003/നി.സെ.)

4. വിവിധ ആവശ്യങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഡി. എസ്. രാജ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നം.21127/എസ്.സി.എസ്.ടി.എ 2/2012/നി.സെ.)

5. സർക്കാരിൽ നിന്നും ലഭിച്ച ഭൂമി തട്ടിയെടുത്തവർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ.എ.സുകുമാരൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.16069/എസ്.സി.എസ്.ടി.എ 3/2007/നി.സെ.)

6. വഴി ലഭ്യമാക്കുവാനുള്ള നിയമ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ശിവപ്രസാദ്, വയനാട് സമർപ്പിച്ച ഹർജി.

(ഫയൽ നം.15031/എസ്.സി.എസ്.ടി.എ 3/2012/നി.സെ.)

7. റവന്യൂ പുറമ്പോക്ക് ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തീർപ്പാക്കാത്തത് സംബന്ധിച്ച് ശ്രീ. റ്റി.സി. കുമാരൻ സമർപ്പിച്ച ഹർജി.

(ഫയൽ നം. 17255/എസ്.സി.എസ്.ടി-എ 3/2013/നി.സെ.)

8. കുടികിടപ്പവകാശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശാലിനി എസ്. സമർപ്പിച്ച ഹർജി.

(ഫയൽ നം.21985/എസ്.സി.എസ്.ടി.എ 3/2019/നി.സെ.)

9. പട്ടയവും മറ്റ് അടിസ്ഥാന സൗകര്യവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അമർനാഥ് സമർപ്പിച്ച ഹർജി.

(ഫയൽ നം.18036/എസ്.സി.എസ്.ടി. ബി 1/2008/നി.സെ.)

10. ജാതിസർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് ശ്രീ. വി.എൻ. ശശികുമാർ, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നം. 14968/എസ്.സി.എസ്.ടി. ബി 1/2015/നി.സെ.)

11. സർക്കാർ വനഭൂമിക്ക് പട്ടയം ലഭ്യമാക്കാൻ നടപടി ആവശ്യപ്പെട്ട് ശ്രീ. എം. ഭാസ്കരൻ, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നം.18020/എസ്.സി.എസ്.ടി. ബി 2/2008/നി.സെ)

12. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ പാതിരമന്ദം കോളനി നിവാസികളുടെ പരാതി.

(ഫയൽ നമ്പർ 12872/എസ്.സി.എസ്.ടി. ബി 3/2004/നി.സെ.)

13. അർഹതപ്പെട്ട സംവരണാനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കുമാരി റോഷ്നി എ. ആർ. സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 26812/എസ്.സി.എസ്.ടി. ബി 3/2018/നി.സെ.)

**സഹകരണ വകുപ്പ്**

1. വായ്പ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. വിനോദ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം.18741/എസ്.സി.എസ്.ടി.എ 2/2018/നി.സെ.)

2. വായ്പ എഴുതിത്തള്ളണമെന്ന് അപേക്ഷിച്ച് ശ്രീമതി സാവിത്രി സി., കാസർഗോഡ് സമർപ്പിച്ച ഹർജി.

   (ഫയൽ നം. 24398/എസ്.സി.എസ്.ടി. ബി 2/2015/നി.സെ.)

3. പട്ടികവിഭാഗക്കാരുടെ വിവിധ ആവശ്യങ്ങൾ ശ്രീധരൻ മാടായി, നീലേശ്വരം സമർപ്പിച്ച ഹർജി സംബന്ധിച്ച്.

   (ഫയൽ നമ്പർ 22144/എസ്.സി.എസ്.ടി. ബി 3/2012/നി.സെ.)

4. ലോൺ എഴുതിത്തള്ളി ഈടായി വച്ച പ്രമാണം തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി ജയകുമാരി സമർപ്പിച്ച ഹർജി.

   (ഫയൽ നമ്പർ 24804/എസ്.സി.എസ്.ടി. ബി 3/2018/നി.സെ.)

**ആഭ്യന്തര വകുപ്പ്**

1. കടബാധ്യതയിൽപ്പെടുത്തി മാനഹാനി വരുത്തിയവർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി കവിത അഭിലാഷ് സമർപ്പിച്ച ഹർജി.

   (ഫയൽ നം.24003/എസ്.സി.എസ്.ടി.എ 2/2015/നി.സെ.)

2. ആദിവാസി കുടുംബത്തെ അയൽവാസികളുടെ ആക്രമണത്തിൽ നിന്നും സംരക്ഷിക്കണ മെന്നാവശ്യപ്പെട്ട് ശ്രീ. എസ്. എൻ. നൗഷാദ്, കൊല്ലം സമർപ്പിച്ച ഹർജി.

   (ഫയൽ നം. 17965/എസ്.സി.എസ്.ടി-എ 3/2020/നി.സെ.)

3. നാട്ടകം പോളിടെക്നിക് വിദ്യാർത്ഥി അനീഷിനെ റാഗ് ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശിവദാസൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

   (ഫയൽ നം.23426/എസ്.സി.എസ്.ടി. ബി 2/2016/നി.സെ.)

**ഇലക്ട്രോണിക്സ് & സാങ്കേതിക വകുപ്പ്**

1. എസ്.സി.എസ്.ടി. വിഭാഗങ്ങൾക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് ശ്രീ. വി.എൻ. ശശികുമാർ സമർപ്പിച്ച ഹർജി.

   (ഫയൽ നം.14968/എസ്.സി.എസ്.ടി. ബി 1/2015/നി.സെ.)

**പൊതുവിദ്യാഭ്യാസ വകുപ്പ്**

1. വയനാട് ജില്ലയിലെ എച്ച്.എസ്.എ., മാത്തമാറ്റിക്സ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ശ്രീമതി ഷൈനിമോൾ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം.19846/എസ്.സി.എസ്.ടി. ബി 2/2019/നി.സെ.)

2. ടി.ടി.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നത് സംബന്ധിച്ച് ശ്രീ. സച്ചിദാനന്ദൻ, വയനാട് സമർപ്പിച്ച ഹർജി സംബന്ധിച്ച്.

   (ഫയൽ നമ്പർ 22728/എസ്.സി.എസ്.ടി. ബി 3/2016/നി.സെ.)

3. വേതനത്തിൽ കുറവ് വരുത്താതെ പാചകത്തൊഴിലാളിയായി തുടരാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഷീബ കൃഷ്ണൻ, ആലുവ സമർപ്പിച്ച ഹർജി.

   (ഫയൽ നം.21690/എസ്.സി.എസ്.ടി. ബി 3/2019/നി.സെ.)

4. SSLC സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നതിനായി ശ്രീമതി സുശീല മോഹൻ, കോട്ടയം സമർപ്പിച്ച ഹർജി സംബന്ധിച്ച്.

   (ഫയൽ നമ്പർ 3372/എസ്.സി.എസ്.ടി. ബി 3/2021/നി.സെ.)

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്**

1. പെരുവണ്ണാൻ സമുദായത്തിന് പി.എസ്.സി. നിയമനങ്ങൾക്ക് അർഹമായ സംവരണാനുകൂല്യം മുൻകാല പ്രാബല്യത്തോടെ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. കുഞ്ഞികൃഷ്ണൻ, കാസർഗോഡ് സമർപ്പിച്ച ഹർജി.

   (ഫയൽ നം.18130/എസ്.സി.എസ്.ടി. ബി 3/2020/നി.സെ.)

**ഗതാഗത വകുപ്പ്**

1. തന്റെ പേരിലുള്ള പാസഞ്ചർ ഓട്ടോയ്ക്ക് സിറ്റി പെർമിറ്റ് ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. പ്രദോഷ് പി.ആർ., തൃശ്ശൂർ സമർപ്പിച്ച ഹർജി.

   (ഫയൽ നം.25925/എസ്.സി.എസ്.ടി.എ 3/2019/നി.സെ.)

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ഓഫീസ് അറ്റൻഡർമാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് ശ്രീ. വിജീഷ് ചന്ദ്രൻ സി., വൈക്കം സമർപ്പിച്ച ഹർജി.

   (ഫയൽ നം.4390/എസ്.സി.എസ്.ടി.എ 3/2021/നി.സെ.)

2. നാട്ടകം പോളിടെക്നിക് വിദ്യാർത്ഥി അനീഷിനെ റാഗ് ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശിവദാസൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

   (ഫയൽ നം.23426/എസ്.സി.എസ്.ടി. ബി 2/2016/നി.സെ.)

**ധനകാര്യ വകുപ്പ്**

1. മുൻകാലത്തിലുള്ള പ്രൊമോഷനുകളും കുടിശ്ശികകളും അനുവദിക്കണമെന്നപേക്ഷിച്ച് ശ്രീ. എസ്. വിശ്വംഭരൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം. 21554/എസ്.സി.എസ്.ടി. ബി 2/2018/നി.സെ.)

**പൊതുമരാമത്ത് വകുപ്പ്**

1. പാലക്കാട് ജില്ലയിലെ പടപ്പള്ളം, കുരുക്കാട് പുല്ലേപ്പറമ്പ് പട്ടികജാതി കോളനി നിവാസികൾ സമർപ്പിച്ച ഹർജി.

   (ഫയൽ നം. 22310/എസ്.സി.എസ്.ടി. ബി 2/2015/നി.സെ.)

**ഊർജ്ജ വകുപ്പ്**

1. വിവിധ ആവശ്യങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഡി. എസ്. രാജ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം.21127/എസ്.സി.എസ്.ടി.എ 2/2012/നി.സെ.)

2. പാലക്കാട് ജില്ലയിലെ ഒറവമ്പാടി ആദിവാസി കോളനിയിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ബൈജു സമർപ്പിച്ച ഹർജി സംബന്ധിച്ച്.

   (ഫയൽ നമ്പർ 15176/എസ്.സി.എസ്.ടി. ബി 3/2005/നി.സെ.)

**ഭക്ഷ്യപൊതുവിതരണ വകുപ്പ്**

1. വിവിധ ആവശ്യങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഡി. എസ്. രാജ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം.21127/എസ്.സി.എസ്.ടി.എ 2/2012/നി.സെ.)

**വനം വന്യജീവി വകുപ്പ്**

1. വിവിധ ആവശ്യങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഡി. എസ്. രാജ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം.21127/എസ്.സി.എസ്.ടി.എ 2/2012/നി.സെ.)

**തൊഴിലും നൈപുണ്യവും വകുപ്പ്**

1. തൊഴിൽകാർഡ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജി. സുരേഷ് ,ശ്രീ. യേശുദാസ് എന്നിവർ സമർപ്പിച്ച ഹർജി.

   (ഫയൽ നമ്പർ 25000/എസ്.സി.എസ്.ടി. ബി 3/2019/നി.സെ.)

അനുബന്ധം - II

## സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ്

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

1. കളമല ആദിവാസി ഊരിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ഊരുവികസന സമിതി സമർപ്പിച്ച ഹർജി.

   (ഫ.നം.5575/എസ്.സി.എസ്.ടി. എ 1/2003/നി.സെ.)

2. ഇടുക്കി ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ ജില്ലാ ഓഫീസുകൾ ഒറ്റ കോമ്പൗണ്ടിൽ കൊലുമ്പൻ സ്മാരകമായി നിർമ്മിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി.

   (ഫ.നം.20973/എസ്.സി.എസ്.ടി. എ 1/2013/നി.സെ.)

3. എതിർ കക്ഷിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കണമെന്നും കടബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി വിജയലക്ഷ്മി, കാസർഗോഡ് സമർപ്പിച്ച ഹർജി.

   (ഫ.നം.15501/എസ്.സി.എസ്.ടി. എ 1/2017/നി.സെ.)

4. പട്ടയം പതിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി എൻ. തങ്കമ്മ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫ.നം.20811/എസ്.സി.എസ്.ടി. എ 1/2019/നി.സെ.)

5. തിരുനെല്ലി പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഹർജി.

   (ഫയൽ നം.12915/എസ്.സി.എസ്.ടി. എ 2/2004/നി.സെ.)

6. ക്ഷേത്രം പുനഃസ്ഥാപിച്ച് കിട്ടുന്നതിനും സുഗമമായി പ്രവർത്തിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ ഗോപാലൻ, കോഴിക്കോട് സമർപ്പിച്ച ഹർജി.

   (ഫയൽ നം.22103/എസ്.സി.എസ്.ടി. എ 2/2012/നി.സെ.)

7. വ്യാജമായി കൈവശപ്പെടുത്തിയ വസ്തു തിരികെ ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി കെ. കൗസല്യ, കൊല്ലം സമർപ്പിച്ച ഹർജി.

   (ഫയൽ നം.19113/എസ്.സി.എസ്.ടി.എ 2/2012/നി.സെ.)

8. മുൻകാലപ്രാബല്യത്തോടെ ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി ശ്രീ. ബൈജു രാജ്, ജനറൽ സെക്രട്ടറി, കേരള ഗ്രാമീൺ ബാങ്ക്, എസ്.സി. എസ്.ടി. സ്റ്റാഫ് വെൽഫയർ അസോസിയേഷൻ സമർപ്പിച്ച ഹർജി.

(ഫ.നം. 20159/എസ്.സി.എസ്.ടി. എ 2/2013/നി.സെ.)

9. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടറി അഖില കേരള വണ്ണാൻ സംഘം, ചങ്ങനാശ്ശേരി യൂണിറ്റ് സെക്രട്ടറി സമർപ്പിച്ച ഹർജി

(ഫ.നം. 20707/എസ്.സി.എസ്.ടി. എ 2/2015/നി.സെ.)

10. കട്ടമല ITC-യിൽ ജോലി നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി സരിത എസ്. സമർപ്പിച്ച ഹർജി.

(ഫയൽ നം.15779/എസ്.സി.എസ്.ടി. എ 2/2017/നി.സെ.)

11. വഴി പുന:സ്ഥാപിച്ച് കിട്ടുന്നതിനും ജാതി വിളിച്ച് ഭീഷണിപ്പെടുത്തുന്നതിനും എതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി സാവത്രി സമർപ്പിച്ച ഹർജി.

(ഫയൽ നം.25973/എസ്.സി.എസ്.ടി. എ 2/2017/നി.സെ)

12. പട്ടികജാതി സാംസ്കാരിക നിലയത്തിനായി അനുവദിച്ച കെട്ടിടം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഓഫീസിന് വാടകയ്ക്ക് നൽകുവാനുള്ള പഞ്ചായത്തിന്റെ തീരുമാനം പിൻവലിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് പട്ടികജാതി അവകാശ സംരക്ഷണ സമിതി സെക്രട്ടറി ശ്രീ. റ്റി. ജി. മോഹനൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.15391/എസ്.സി.എസ്.ടി. എ 2/2018/നി.സെ.)

13. എൻട്രൻസ് പരിശീലന പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സന്തോഷ് എ. ടി. സമർപ്പിച്ച ഹർജി.

(ഫ.നം. 22471/എസ്.സി.എസ്.ടി. എ 2/2019/നി.സെ.)

14. വൈദ്യുതി, കുടിവെള്ളം യാത്രാ സൗകര്യം എന്നിവ ആവശ്യപ്പെട്ട് ശ്രീ. ബാലൻ മുതൽപേർ കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫയൽ നം. 5777/എസ്.സി.എസ്.ടി-എ 3/2004/നി.സെ.)

15. ഇടുക്കി ജില്ലയിലെ ആദിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് ശ്രീ. പി. കെ. ശശി, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നം.20971/എസ്.സി.എസ്.ടി.എ 3/2013/നി.സെ.)

16. ഫീസാനുകൂല്യം അനുവദിച്ചു കിട്ടുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. ജിഷ്ണു സി., മുതൽപേർ സമർപ്പിച്ച ഹർജി.

(ഫയൽ നം.23769/എസ്.സി.എസ്.ടി.എ 3/2015/നി.സെ.)

17. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ.സുരേന്ദ്രൻ വി., തിരുവനന്തപുരം സമർപ്പിച്ച ഹർജി

(ഫയൽ നം.14209/എസ്.സി.എസ്.ടി.എ 3/2017/നി.സെ.)

18. അമൃതാനന്ദമയി മഠം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. പി. ശങ്കരൻ, മൂവാറ്റുപുഴ സമർപ്പിച്ച ഹർജി.

(ഫയൽ നം. 16612/എസ്.സി.എസ്.ടി. ബി 1/2010/നി.സെ.)

19. കാവനാട് പട്ടികജാതി ശ്മശാന സംരക്ഷണത്തിനായി സംരക്ഷണ സമിതി പ്രസിഡന്റും സെക്രട്ടറിയും സമർപ്പിച്ച ഹർജി.

(ഫയൽ നം.13396/എസ്.സി.എസ്.ടി. ബി 1/2012/നി.സെ.)

20. ജപ്തി നടപടികൾ ഒഴിവാക്കാൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ആർ. അരവിന്ദ ദാസ്, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നം. 13282/എസ്.സി.എസ്.ടി. ബി 1/2013/നി.സെ.)

21. നീതി ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി റ്റി. ശാന്ത, കൊല്ലം സമർപ്പിച്ച ഹർജി

(ഫയൽ നം. 21452/എസ്.സി.എസ്.ടി. ബി 1/2013/നി.സെ.)

22. മകന് സ്കൂളിൽ നിന്നുണ്ടായ പീഢനവും അവഗണനയും സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ശ്രീ. പി. കെ. ശശി സമർപ്പിച്ച ഹർജി.

(ഫയൽ നം.13350/എസ്.സി.എസ്.ടി. ബി 1/2015/നി.സെ.)

23. റോഡ്, കുടിവെള്ളം എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീമതി മിനി, വയനാട് സമർപ്പിച്ച ഹർജി.

(ഫയൽ നം. 19104/എസ്.സി.എസ്.ടി. ബി 1/2018/നി.സെ.)

24. വീടിന്റെ അറ്റകുറ്റപണി പൂർത്തിയാക്കുന്നതിനാവശ്യമായ ധനസഹായമാവശ്യപ്പെട്ട് ശ്രീ. കെ. പി. അയ്യപ്പൻ സമർപ്പിച്ച ഹർജി.

(ഫയൽ നം. 25640/എസ്.സി.എസ്.ടി. ബി 1/2019/നി.സെ.)

25. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പി. ഇ. വേണുഗോപാൽ, പ്രസിഡന്റ്, ആൾ കേരള വർണ്ണവ സൊസൈറ്റി സമർപ്പിച്ച ഹർജി.

(ഫ.നം. 18656/എസ്.സി.എസ്.ടി.ബി 2/2013/നി.സെ.)

26. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. റ്റി. വി. മനോജ്കുമാർ, കണ്ണൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20146/എസ്.സി.എസ്.ടി. ബി 2/2013/നി.സെ.)

27. പട്ടികജാതി വികസന കോർപ്പറേഷന്റെ തൊഴിൽ വായ്പ ലഭ്യമാക്കണ മെന്നാവശ്യപ്പെട്ട് ശ്രീ. രാജേന്ദ്രൻ എം., തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫ.നം. 17160/എസ്.സി.എസ്.ടി. ബി 2/2014/നി.സെ)

28. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പി. കെ. കേശവൻ, കോട്ടയം സമർപ്പിച്ച ഹർജി.

(ഫയൽ നം. 20694/എസ്.സി.എസ്.ടി. ബി 2/2015/നി.സെ.)

29. ഭൂരഹിത ഭവനരഹിത ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുജാത കെ., കൊല്ലം സമർപ്പിച്ച ഹർജി.

(ഫ.നം. 22954/എസ്.സി.എസ്.ടി. ബി 2/2015/നി.സെ.)

30. ബാംബൂ വ്യവസായ സഹകരണ സംഘത്തിന് പട്ടികജാതി ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. കൃഷ്ണൻകുട്ടി ആലുവ സമർപ്പിച്ച ഹർജി.

(ഫ.നം. 20152/എസ്.സി.എസ്.ടി.ബി 2/2017/നി.സെ.)

31. മലയിൻകീഴ് സർവ്വീസ് സഹകരണബാങ്കിൽ നിന്നെടുത്ത ലോൺ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ദിവാകരൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നം. 26138/എസ്.സി.എസ്.ടി. ബി 2/2017/നി.സെ.)

32. ട്രാവൽ ഏജൻസി നടത്തുവാൻ സാമ്പത്തിക സഹായമാവശ്യപ്പെട്ട് കുമാരി അനുപമ, വയനാട് സമർപ്പിച്ച ഹർജി.

(ഫ.നം. 19092/എസ്.സി.എസ്.ടി.ബി 2/2018/നി.സെ.)

33. പാതിരിമന്ദം കോളനി നിവാസികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ആർ. ബാബു മുതൽപേർ സമർപ്പിച്ച ഹർജി.

(ഫ.നം. 12872/എസ്.സി.എസ്.ടി. ബി 3/2004/നി.സെ.)

34. കടം എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. കൃഷ്ണൻ നിർവാരം സമർപ്പിച്ച ഹർജി.

(ഫ.നം.14080/എസ്.സി.എസ്.ടി.ബി 3/2011/നി.സെ.)

35. കാസർഗോഡ് ജില്ലാ സമഗ്രവികസന പദ്ധതിക്ക് വേണ്ടിയുള്ള ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പട്ടികജാതി വിഭാഗത്തിന് അനുവദിച്ചിട്ടുള്ള പദ്ധതി തുക അപര്യാപ്തമാണെന്നുള്ളത് സംബന്ധിച്ച് ശ്രീ. കെ. സി. കുഞ്ഞ്കൊച്ച് സമർപ്പിച്ച ഹർജി.

(ഫ.നം.21658/എസ്.സി.എസ്.ടി.ബി 3/2012/നി.സെ.)

36. ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഡി. ജപമണി സമർപ്പിച്ച ഹർജി.

(ഫ.നം. 23010/എസ്.സി.എസ്.ടി.ബി 3/2015/നി.സെ.)

37. ചാത്തൻമാസ്റ്ററുടെ പേരിൽ ഹോസ്റ്റൽ നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഷാജു കിഴക്കൂടൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫ.നം.23670/എസ്.സി.എസ്.ടി.ബി 3/2018/നി.സെ.)

38. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കെ.കെ. സോമരാജൻ, കൊല്ലം സമർപ്പിച്ച ഹർജി.

(ഫ.നം.17918/എസ്.സി.എസ്.ടി.ബി 3/2019/നി.സെ.)

**സഹകരണ വകുപ്പ്**

1. ബാങ്ക് ലോൺ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ഡി. സുകുമാരൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20713/എസ്.സി.എസ്.ടി. എ 1/2015/നി.സെ.)

2. ജപ്തി നടപടികൾ ഒഴിവാക്കാൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ആർ. അരവിന്ദ ദാസ്, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നം. 13282/എസ്.സി.എസ്.ടി. ബി 1/2013/നി.സെ.)

3. ജപ്തി നടപടി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വേണുകുട്ടൻ ബി., കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നം.17640/എസ്.സി.എസ്.ടി. ബി 1/2019/നി.സെ.)

4. സംസ്ഥാന ഗവൺമെന്റ് രൂപീകരിക്കുന്ന കേരള ബാങ്കിൽ പട്ടിക വിഭാഗങ്ങൾക്കുള്ള ഭരണ പങ്കാളിത്തം സംബന്ധിച്ച് ശ്രീ. സി. കെ. ഗോവിന്ദൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.25090/എസ്.സി.എസ്.ടി. ബി 1/2019/നി.സെ.)

5. എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. സി. കെ. കൃഷ്ണൻകുട്ടി എറണാകുളം സമർപ്പിച്ച ഹർജി.

(ഫയൽ നം. 20168/എസ്.സി.എസ്.ടി ബി 2/2017/നി.സെ.)

6. മലയിൻകീഴ് സർവ്വീസ് സഹകരണബാങ്കിൽ നിന്നെടുത്ത ലോൺ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ദിവാകരൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നം. 26138/എസ്.സി.എസ്.ടി. ബി 2/2017/നി.സെ.)

7. സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക എഴുതിതള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. രാജു കെ., തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നം.14950/എസ്.സി.എസ്.ടി ബി 2/2019/നി.സെ.)

**വനം-വന്യജീവി വകുപ്പ്**

1. ഇടുക്കി ജില്ലയിലെ ആദിവാസി കോളനികളിൽ വനാവകാശ രേഖ നൽകുന്നത് സംബന്ധിച്ച് ശ്രീ. സി.പി. കൃഷ്ണൻ, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നം.19426/എസ്.സി.എസ്.ടി. ബി 2/2014/നി.സെ.)

**ആഭ്യന്തരം**

1. ബാങ്ക് ലോൺ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ഡി. സുകുമാരൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20713/എസ്.സി.എസ്.ടി. എ 1/2015/നി.സെ.)

2. വ്യാജമായി കൈവശപ്പെടുത്തിയ വസ്തു തിരികെ ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി കെ. കൗസല്യ, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നം.19113/എസ്.സി.എസ്.ടി.എ 2/2012/നി.സെ.)

3. വ്യാജ എഗ്രിമെന്റ് തയ്യാറാക്കിയതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. മനോഹരൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21109/എസ്.സി.എസ്.ടി. എ 2/2019/നി.സെ.)

4. ആൾമാറാട്ടം നടത്തി കള്ളക്കേസിൽ കുടുക്കിയവർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ.പ്രകാശ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നം.19629/എസ്.സി.എസ്.ടി.എ 3/2019/നി.സെ.)

5. കൈവശ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് ശ്രീ. വി. ഗംഗാധരൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.19722/എസ്.സി.എസ്.ടി. ബി 1/2013/നി.സെ.)

6. നീതി ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി റ്റി. ശാന്ത, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നം. 21452/എസ്.സി.എസ്.ടി. ബി 1/2013/നി.സെ.)

7. ദളിത് പീഡനം സംബന്ധിച്ച് ശ്രീ. നവജീവൻ, മലപ്പുറം സമർപ്പിച്ച ഹർജി.

(ഫയൽ നം.17852/എസ്.സി.എസ്.ടി. ബി 1/2018/നി.സെ.)

8. സ്ഥലം കൈയ്യേറി നടപ്പാത നിർമ്മിച്ചത് സംബന്ധിച്ച് ശ്രീമതി കാളി സമർപ്പിച്ച ഹർജി.

(ഫയൽ നം.19086/എസ്.സി.എസ്.ടി. ബി 1/2018/നി.സെ.)

9. തനിക്കും കുടുംബത്തിനും നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഗീത, കൊല്ലം സമർപ്പിച്ച ഹർജി

(ഫയൽ നം.18420/എസ്.സി.എസ്.ടി. ബി 1/2019/നി.സെ.)

10. പരാതിക്കാരിയോടും കുടുംബത്തോടും അപമര്യാദയായി പെരുമാറിയതിനെതിരെ നടപടിയാവശ്യപ്പെട്ട് ശ്രീമതി ജിസ്സി ബാബു സമർപ്പിച്ച ഹർജി.

(ഫയൽ നം.14901/എസ്.സി.എസ്.ടി. ബി 1/2020/നി.സെ.)

11. നെടുമങ്ങാട് പി.എസ്. ക്രൈം നം. 1475/10 WCC No. 284916 കേസ് പുനരന്വേഷണം നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ബാബു സമർപ്പിച്ച ഹർജി.

    (ഫയൽ നമ്പർ 24736/എസ്.സി.എസ്.ടി. ബി 2/2017/നി.സെ.)

12. ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ച മേലുദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സൽമ ജി. ബി. തിരുവനന്തപുരം സമർപ്പിച്ച ഹർജി.

    (ഫയൽ നം. 25104/എസ്.സി.എസ്.ടി. ബി 2/2018/നി.സെ.)

**റവന്യൂ വകുപ്പ്**

1. അനധികൃതമായി പട്ടയം സമ്പാദിച്ച് ഭൂമി കയ്യേറിയത് സംബന്ധിച്ച് ശ്രീമതി ഓമന രാജൻ, വയനാട് സമർപ്പിച്ച ഹർജി.

    (ഫയൽ നം.5643/എസ്.സി.എസ്.ടി. എ 1/2021/നി.സെ.)

2. വ്യാജമായി കൈവശപ്പെടുത്തിയ വസ്തു തിരികെ ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി കെ. കൗസല്യ, കൊല്ലം സമർപ്പിച്ച ഹർജി.

    (ഫയൽ നം.19113/എസ്.സി.എസ്.ടി.എ 2/2012/നി.സെ.)

3.. ചിങ്ങേരി ആദിവാസി കോളനി നിവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പി. കെ. കേളു, വയനാട് സമർപ്പിച്ച ഹർജി.

    (ഫയൽ നം.16511/എസ്.സി.എസ്.ടി. എ 3/2003/നി.സെ.)

4. വൈദ്യുതി കുടിവെള്ളം യാത്രാ സൗകര്യം എന്നിവ ആവശ്യപ്പെട്ട് ശ്രീ. ബാലൻ മുതൽപേർ കോഴിക്കോട് സമർപ്പിച്ച ഹർജി.

    (ഫയൽ നം. 5777/എസ്.സി.എസ്.ടി-എ 3/2004/നി.സെ.)

5. എതിർകക്ഷികൾ അനധികൃതമായി വസ്തു കൈയ്യേറിയതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി ലീല, കൊല്ലം സമർപ്പിച്ച ഹർജി.

    (ഫയൽ നം. 26241/എസ്.സി.എസ്.ടി-എ 3/2017/നി.സെ.)

6. ക്ഷേത്രം പുനഃസ്ഥാപിച്ച് കിട്ടുന്നതിനും സുഗമമായി പ്രവർത്തിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. ഗോപാലൻ, കോഴിക്കോട് സമർപ്പിച്ച ഹർജി.

    (ഫയൽ നം.22103/എസ്.സി.എസ്.ടി. എ 2/2012/നി.സെ.)

7. വഴി പുനഃസ്ഥാപിച്ച് കിട്ടുന്നതിനും ജാതി വിളിച്ച് ഭീഷണിപ്പെടുത്തുന്നതിനും എതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി സാവത്രി സമർപ്പിച്ച ഹർജി.

(ഫയൽ നം.25973/എസ്.സി.എസ്.ടി. എ 2/2017/നി.സെ.)

8. തോന്നയ്ക്കൽ കോളനിയിലെ ഭൂമി അളന്ന് തിരിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി സരിത സമർപ്പിച്ച ഹർജി.

(ഫയൽ നം.19098/എസ്.സി.എസ്.ടി. ബി 1/2009/നി.സെ.)

9. കാവനാട് പട്ടികജാതി ശ്മശാന സംരക്ഷണത്തിനായി സംരക്ഷണ സമിതി പ്രസിഡന്റും സെക്രട്ടറിയും സമർപ്പിച്ച പരാതി.

(ഫയൽ നം.13396/എസ്.സി.എസ്.ടി. ബി 1/2012/നി.സെ.)

10. കൈവശ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് ശ്രീ. വി. ഗംഗാധരൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.19722/എസ്.സി.എസ്.ടി. ബി 1/2013/നി.സെ.)

11. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ശ്രീ. രാജൻ കെ. സമർപ്പിച്ച ഹർജി.

(ഫയൽ നം. 16740/എസ്.സി.എസ്.ടി. ബി 1/2016/നി.സെ.)

12. നടപ്പാത അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഭാസ്കരൻ, കോട്ടയം സമർപ്പിച്ച ഹർജി.

(ഫയൽ നം.23526/എസ്.സി.എസ്.ടി. ബി 1/2016/നി.സെ.)

13. നിയമവിരുദ്ധമായി കുടിയൊഴിപ്പിക്കൽ നിർത്തി വയ്ക്കുന്നതിനായി ശ്രീ. എം. പി. റസ്സൽ സമർപ്പിച്ച ഹർജി.

(ഫയൽ നം. 23990/എസ്.സി.എസ്.ടി. ബി 1/2018/നി.സെ.)

14. ഇടുക്കി ജില്ലയിലെ ആദിവാസി കോളിനികളിൽ വനാവകാശരേഖ നൽകുന്നത് സംബന്ധിച്ച് ശ്രീ. സി. പി. കൃഷ്ണൻ, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നം.19426/എസ്.സി.എസ്.ടി. ബി 2/2014/നി.സെ.)

15. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി ശ്രീമതി തങ്കഭാസ്കരൻ, മാധവിരാമൻ, കോട്ടയം സമർപ്പിച്ച ഹർജി.

(ഫയൽ നം.20810/എസ്.സി.എസ്.ടി. ബി 2/2015/നി.സെ.)

16. മുൻകാലത്തിലുള്ള പ്രൊമോഷനുകളും കുടിശ്ശികകളും അനുവദിക്കണമെന്നപേക്ഷിച്ച് ശ്രീ. എസ്. വിശ്വംഭരൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നം. 21554/എസ്.സി.എസ്.ടി. ബി 2/2018/നി.സെ.)

17. ചെങ്ങറ ഭൂമി സമരത്തിന് കൃഷി ഭൂമി അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ലതികാവെണ്ണിത്തോട് സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നം.17680/എസ്.സി.എസ്.ടി. ബി 2/2020/നി.സെ.)

18. സ്വന്തമായി ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഇടമലക്കുടി ആദിവാസികൾ, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നം.6784/എസ്.സി.എസ്.ടി. ബി 3/2000/നി.സെ.)

19. പാതിരിമന്ദം കോളനി നിവാസികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ആർ. ബാബു മുതൽപേർ സമർപ്പിച്ച ഹർജി.

(ഫ.നം.12872/എസ്.സി.എസ്.ടി.ബി 3/2004/നി.സെ)

20. പെരിഞ്ഞാൻകുട്ടി സർക്കാർ ഭൂമിയിൽ കുടിയേറി പാർത്തുവരുന്നവരുടെ നിരവധി ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. രാജൻ രാമൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.14958/എസ്.സി.എസ്.ടി. ബി 3/2015/നി.സെ.)

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

1. മുൻകാലപ്രാബല്യത്തോടെ സർവ്വീസ് റഗുലറൈസ് ചെയ്തുകിട്ടുന്നതിനായി ശ്രീ. വി. ശക്തിവേലു, ലൈബ്രേറിയൻ, എഞ്ചിനീയറിംഗ് കോളേജ് മൂന്നാർ സമർപ്പിച്ച ഹർജി.

(ഫയൽ നം.16227/എസ്.സി.എസ്.ടി. എ 2/2011/നി.സെ.)

2. വൺടൈം ബി.ടെക് കോഴ്സിന് ജോലിയിൽ നിന്നും വിട്ടു നിന്ന കാലയളവിലെ ശമ്പളം, ബത്ത തിരികെ പിടിക്കുന്നതിന് നൽകിയ വകുപ്പുതല ഉത്തരവ് പിൻവലിക്കുന്നതിന് ശ്രീ. ബാബു ജെ., പള്ളിച്ചൽ സമർപ്പിച്ച ഹർജി.

(ഫയൽ നം.19132/എസ്.സി.എസ്.ടി. ബി 3/2017/നി.സെ.)

**തദ്ദേശസ്വയംഭരണ വകുപ്പ്**

1. വീട് നിർമ്മാണത്തിനുള്ള ധനസഹായം ആവശ്യപ്പെട്ട് കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ എടക്കൊമ്പത്ത് താമസം ശ്രീമതി ഷീബ പി.ആർ. സമർപ്പിച്ച ഹർജി.

(ഫ.നം.12509/എസ്.സി.എസ്.ടി. എ 1/2014/നി.സെ.)

2. ആശ്രിതനിയമനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ലീല കെ., കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നം.17015/എസ്.സി.എസ്.ടി. എ 2/2012/നി.സെ.)

3. പട്ടികജാതി സാംസ്കാരിക നിലയത്തിനായി അനുവദിച്ച കെട്ടിടം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഓഫീസിന് വാടകയ്ക്ക് നൽകുവാനുള്ള പഞ്ചായത്തിന്റെ തീരുമാനം പിൻവലിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് പട്ടികജാതി അവകാശ സംരക്ഷണ സമിതി സെക്രട്ടറി ശ്രീ. റ്റി. ജി. മോഹനൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.15391/എസ്.സി.എസ്.ടി. എ 2/2018/നി.സെ.)

4. വസ്തുവും വീടും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഓമന ബാലൻ, കുടിയോത്ത് കോളനി, വയനാട് സമർപ്പിച്ച ഹർജി.

(ഫ.നം.19047/എസ്.സി.എസ്.ടി. എ 2/2018/നി.സെ.)

5. വീട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ലീല, വയനാട് സമർപ്പിച്ച ഹർജി.

(ഫ.നം.19095/എസ്.സി.എസ്.ടി. എ 2/2018/നി.സെ.)

6. വിശാല കൊച്ചി വികസന അതോറിറ്റിയിൽ ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. എസ്. സുഭാഷ് ഇടുക്കി സമർപ്പിച്ച ഹർജി.

(ഫ.നം.19145/എസ്.സി.എസ്.ടി. എ 2/2019/നി.സെ.)

7. വസ്തുവും വീടും അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ചിപ്പി ശങ്കർ, കൊല്ലം സമർപ്പിച്ച ഹർജി.

(ഫ.നം.21759/എസ്.സി.എസ്.ടി. എ 2/2018/നി.സെ.)

8. എം.എൽ.എ.ഫണ്ടിൽ നിന്നും അനുവദിച്ച സാമ്പത്തിക സഹായം കിട്ടാത്തത് സംബന്ധിച്ച് ശ്രീമതി സി.ശാന്ത, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നം.15817/എസ്.സി.എസ്.ടി.എ 3/2016/നി.സെ.)

9. ലൈഫ് പദ്ധതിപ്രകാരം, പട്ടികജാതിക്കാരുടെ മുടങ്ങിക്കിടക്കുന്ന ഭവന നിർമ്മാണത്തിന് മുഴുവൻ തുകയും അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി. ഡി. സന്തോഷ്, ആലപ്പുഴ സമർപ്പിച്ച ഹർജി.

(ഫയൽ നം. 21669/എസ്.സി.എസ്.ടി-എ 3/2018/നി.സെ.)

10. കാവനാട് പട്ടികജാതി ശ്മശാന സംരക്ഷണത്തിനായി സംരക്ഷണ സമിതി പ്രസിഡന്റും സെക്രട്ടറിയും സമർപ്പിച്ച പരാതി.

(ഫയൽ നം.13396/എസ്.സി.എസ്.ടി. ബി 1/2012/നി.സെ.)

11. വീട് പണി പൂർത്തിയാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മനോജ് പി. വി. സമർപ്പിച്ച ഹർജി.

(ഫയൽ നം.8744/എസ്.സി.എസ്.ടി. ബി 1/2014/നി.സെ.)

12. വിവിധ ആവശ്യങ്ങളുന്നയിച്ച് ഉള്ളാട്ട് പറമ്പ് ഹരിജൻ കോളനി നിവാസികൾ, മലപ്പുറം സമർപ്പിച്ച ഹർജി.

(ഫയൽ നം.12900/എസ്.സി.എസ്.ടി. ബി 1/2014/നി.സെ.)

13. ഭവനനിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനായി ശ്രീ. കെ. കുമാരൻ സമർപ്പിച്ച പരാതി.

(ഫയൽ നം.20724/എസ്.സി.എസ്.ടി. ബി 1/2015/നി.സെ.)

14. നടപ്പാത അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഭാസ്കരൻ, കോട്ടയം സമർപ്പിച്ച ഹർജി.

(ഫയൽ നം.23526/എസ്.സി.എസ്.ടി. ബി 1/2016/നി.സെ.)

15. വിവിധ ആവശ്യങ്ങളുന്നയിച്ച് ശ്രീ. എസ്. കെ. മല്ലയ്യൻ സമർപ്പിച്ച ഹർജി.

(ഫയൽ നം.14876/എസ്.സി.എസ്.ടി. ബി 1/2017/നി.സെ.)

16. മണ്ണുംവീടും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശിവരാജൻ എസ്. സമർപ്പിച്ച ഹർജി.

(ഫയൽ നം.22476/എസ്.സി.എസ്.ടി. ബി 1/2017/നി.സെ)

17. റോഡ്, കുടിവെള്ളം എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീമതി മിനി, വയനാട് സമർപ്പിച്ച ഹർജി.

(ഫയൽ നം. 19104/എസ്.സി.എസ്.ടി. ബി 1/2018/നി.സെ.)

18. വീട് അനുവദിച്ച് കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി നാരായണി എസ്. കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നം.20500/എസ്.സി.എസ്.ടി. ബി 2/2012/നി.സെ.)

19. ട്രാവൽ ഏജൻസി നടത്തുവാൻ സാമ്പത്തിക സഹായമാവശ്യപ്പെട്ട് കുമാരി അനുപമ, വയനാട് സമർപ്പിച്ച ഹർജി.

(ഫ.നം. 19092/എസ്.സി.എസ്.ടി.ബി 2/2018/നി.സെ.)

20. 40-നും 45-നും ഇടയിൽ പ്രായമായ ശയ്യാവലംബമായവർക്ക് കട്ടിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കാളി, വയനാട് സമർപ്പിച്ച ഹർജി.

(ഫയൽ നം.19106/എസ്.സി.എസ്.ടി.ബി2/2018/നി.സെ.)

21. ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കണമെന്നപേക്ഷിച്ച് ശ്രീമതി സിന്ധു, തിരുവനന്തപുരം സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 22410/എസ്.സി.എസ്.ടി. ബി 2/2019/നി.സെ.)

22. പാതിരിമന്ദം കോളനി നിവാസികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ആർ. ബാബു മുതൽപേർ സമർപ്പിച്ച ഹർജി.

(ഫ.നം.12872/എസ്.സി.എസ്.ടി.ബി 3/2004/നി.സെ.)

23. വളന്തക്കാട് ദ്വീപിലേയ്ക്ക് റോഡും കോൺക്രീറ്റ് പാലവും നിർമ്മിച്ച് നൽകണമെന്നഭ്യർത്ഥിച്ച് ശ്രീ. എ. കെ. ഗോപി മുതൽപേർ എറണാകുളം സമർപ്പിച്ച ഹർജി.

(ഫയൽ നം.20170/എസ്.സി.എസ്.ടി. ബി 3/2017/നി.സെ.)

**ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്**

1. മുൻകാലപ്രാബല്യത്തോടെ ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി ശ്രീ. ബൈജു രാജ്, ജനറൽ സെക്രട്ടറി, കേരള ഗ്രാമീൺ ബാങ്ക്, എസ്.സി. എസ്.ടി. സ്റ്റാഫ് വെൽഫയർ അസോസിയേഷൻ സമർപ്പിച്ച ഹർജി.

(ഫ.നം. 20159/എസ്.സി.എസ്.ടി. എ 2/2013/നി.സെ.)

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

1. ജോലി സ്ഥലത്ത് ഉണ്ടായ ജാതീയമായ അധിക്ഷേപത്തിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഉദയറാണി സമർപ്പിച്ച ഹർജി.

(ഫ.നം. 23387/എസ്.സി.എസ്.ടി. എ 2/2016/നി.സെ.)

2. സീനിയർ ഒപ്റ്റോമെടിസ്റ്റുകളുടെ സ്ഥലം മാറ്റം സംബന്ധിച്ച് ശ്രീ. ശിവശങ്കരൻ കെ. സമർപ്പിച്ച ഹർജി.

(ഫയൽ നം. 26685/എസ്.സി.എസ്.ടി-എ 3/2018/നി.സെ)

**കൃഷി വകുപ്പ്**

1. അർഹതപ്പെട്ട പ്രൊമോഷൻ യഥാസമയം അനുവദിച്ച് കുടിശ്ശിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ആനന്ദൻ സി., കൊല്ലം സമർപ്പിച്ച ഹർജി.

   (ഫ.നം. 22105/എസ്.സി.എസ്.ടി. എ 3/2020/നി.സെ.)

2. വിവിധ ആവശ്യങ്ങളുന്നയിച്ച് ശ്രീ. എസ്. കെ. മല്ലയ്യൻ സമർപ്പിച്ച ഹർജി.

   (ഫയൽ നം.14876/എസ്.സി.എസ്.ടി. ബി 1/2017/നി.സെ.)

**പൊതുവിദ്യഭ്യാസ വകുപ്പ്**

1. മകന് സ്കൂളിൽ നിന്നുണ്ടായ പീഡനവും അവഗണനയും സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ശ്രീ. പി. കെ. ശശി സമർപ്പിച്ച ഹർജി.

   (ഫയൽ നം.13350/എസ്.സി.എസ്.ടി. ബി 1/2015/നി.സെ.)

2. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പി. കെ. കേശവൻ, കോട്ടയം സമർപ്പിച്ച ഹർജി.

   (ഫയൽ നം. 20694/എസ്.സി.എസ്.ടി. ബി 2/2015/നി.സെ.)

**നികുതി വകുപ്പ്**

1. ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ച മേലുദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സൽമ ജി. ബി. തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം. 25104/എസ്.സി.എസ്.ടി. ബി 2/2018/നി.സെ.)

**വ്യവസായ വകുപ്പ്**

1. കെ.എം.എൽ. ക്വാളിറ്റി കൺട്രോൾ ലാബിലെ എസ്.സി.എസ്.ടി. ജീവനക്കാരുടെ നിയമനവും സീനിയോറിറ്റിയും അട്ടിമറിക്കുന്നതിന് എതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. കിഷോർകുമാർ & കെ. ബാബുരാജ് കൊല്ലം സമർപ്പിച്ച ഹർജി.

   (ഫ.നം. 19684/എസ്.സി.എസ്.ടി. ബി 2/2017/നി.സെ.)

**ഊർജ്ജ വകുപ്പ്**

1. കൈവശ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് ശ്രീ. വി. ഗംഗാധരൻ സമർപ്പിച്ച ഹർജി.

   (ഫയൽ നം.19722/എസ്.സി.എസ്.ടി. ബി 1/2013/നി.സെ.)

**പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ്**

1. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നാവശ്യപ്പെട്ട് ശ്രീ. ദിനേശൻ എം. സമർപ്പിച്ച ഹർജി.

   (ഫയൽ നം.20356/എസ്.സി.എസ്.ടി. ബി 1/2019/നി.സെ.)

**ജലവിഭവ ജലവിതരണ വകുപ്പ്**

1. വിവിധ ആവശ്യങ്ങളുന്നയിച്ച് ഉള്ളാട്ട് പറമ്പ് ഹരിജൻ കോളനി നിവാസികൾ, മലപ്പുറം സമർപ്പിച്ച ഹർജി.

   (ഫയൽ നം.12900/എസ്.സി.എസ്.ടി. ബി 1/2014/നി.സെ.)

**ആയുഷ് വകുപ്പ്**

1. പട്ടികജാതിക്വാട്ടയിൽ അഡ്മിഷൻ കിട്ടാത്തത് സംബന്ധിച്ച ശ്രീ. രഞ്ജു പി.എസ്., തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം.25676/എസ്.സി.എസ്.ടി. ബി 1/2018/നി.സെ.)

**തൊഴിൽ വകുപ്പ്**

1. നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ജോലിക്കായി കാർഡ് അയക്കാത്തത് സംബന്ധിച്ച് ശ്രീ. രഞ്ജിത്ത് ആർ.എസ്., തിരുവനന്തപുരം സമർപ്പിച്ച ഹർജി.

   (ഫയൽ നം.23832/എസ്.സി.എസ്.ടി. ബി 1/2018/നി.സെ.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.